# സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 1

നവകേരള സദസ്സ് അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി ,കോട്ടയം

25.01.2024 10.30 AM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Sanish S Asst. Town Planner LSGD Kottayam
3. Jayachandran P G Junior Superintentant JD Office Kottayam
4. Ganga S, Junior Superintentant JD Office Kottayam

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

<u>വാകത്താനം പഞ്ചായത്</u>

1. സാജൻ പി ആർ സമർപ്പിച്ച അപേക്ഷ അദാലത്തിൽ പരിശോധിച്ചു. ശ്രീമതി ആലീസ് എന്നയാളുടെ പേരിൽ നിന്നുമാണ് ശ്രീ സാജൻ പി ആർ സ്ഥലം വാങ്ങിയത്.ശ്രീമതി ആലീസ് ലാൻഡ് ഡെവലെപ്മെന്റ് പെർമിറ്റ് എടുക്കാതെയാണ് ടിയാന് സ്ഥലം കൈമാറ്റം ചെയ്തത്.വാകത്താനം പഞ്ചായത്തിൽ നിന്നും 28 .09 2023 തീയതിയിൽ KPBR(31) പ്രകാരം ശ്രീമതി ആലീസിനു ലാൻഡ് ഡെവലെപ്മെന്റ് പെർമിറ്റ് എടുത്തിരുന്നില്ല എന്ന് കാണിച്ചു നോട്ടീസ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ടിയാൻ മറുപടി സമർപ്പിച്ചിട്ടില്ലാത്തതായി സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു.പ്ലോട്ട് ഡിവിഷനുമായി ബന്ധപ്പെട്ട സമാന രീതിയിലുള്ള ധാരാളം പരാതികൾ ലഭിക്കുന്നതിനാൽ സർക്കാരിന്റെ പൊതു നിർദേശത്തിനായി കത്ത് അയക്കാൻ തീരുമാനിച്ചു.
2. സനോജ് സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. കോംപൗണ്ടിങ് ഫീസ് ഈടാക്കി ക്രമവത്കരിച്ചു നൽകിയിട്ടുണ്ട്, എന്നും പരാതി പരിഹരിച്ചതായും സെക്രട്ടറി അറിയിച്ചു.
3. തമ്പി എ ആർ സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിയ്ക്കായി പരാതിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ സാങ്കേതിക വിഭാഗം നടത്തിയ പരിശോധനയിൽ അപാകതകൾ കണ്ടെത്തുകയുണ്ടായി. ടി അപാകതൾ പരിഹരിച്ചു അപേക്ഷ പുനഃ സമർപ്പിക്കണമെന്ന് കാണിച്ചു പഞ്ചായത്തു രണ്ടു പ്രാവശ്യം കത്ത് നൽകിയെങ്കിലും ടിയാൻ മറുപടി ഒന്നും നൽകിയില്ല എന്ന് സെക്രട്ടറി ബോധിപ്പിച്ചു. പരാതിക്കാരൻ അപാകതകൾ പരിഹരിച്ചതായി അദാലത്തിൽ ബോധിപ്പിച്ച സാഹചര്യത്തിൽ ടിയാനോട് പുതുക്കിയ പ്ലാൻ സമർപ്പിക്കുന്നതിനും, ആയതു പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനു സെക്രട്ടറിയോടും നിർദേശിച്ചു തീരുമാനിച്ചു.

4. തോമസ് ജോർജ് സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. പഞ്ചായത്തിൽ കെട്ടിട നിർമാണ അനുമതിയ്ക്കായി പരാതിക്കാരൻ സമർപ്പിച്ച അപേക്ഷയിന്മേൽ സാങ്കേതിക വിഭാഗം നടത്തിയ പരിശോധനയിൽ കെട്ടിടം നിർമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം പ്ലോട്ട് ഡിവിഷൻ ചെയ്തു വാങ്ങിയതാണെന്നു ബോധ്യപ്പെട്ടു.ടി പ്ലോട്ടിന്റെ ഉടമസ്ഥനായ ആൻസ് എന്ന് വിളിക്കുന്ന ജോസഫ് ഗ്രാമ പഞ്ചായത്തിൽ നിന്നും ലാൻഡ് ഡെവലപ്മെന്റ് പെർമിറ്റ് എടുക്കാതെ ആണ് പ്ലോട്ടുകൾ വിറ്റതു എന്ന് മനസ്സിലായി. ടി വിഷയം സംബന്ധിച്ച് ബഹു ഹൈ കോടതിയും ബഹു ഓംബുഡ്സ്മാൻ മുൻപാകെയും നിലനിൽക്കുന്ന കേസുകളുടെ അടിസ്ഥാനത്തിൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളു എന്ന് സമിതിക്കു ബോധ്യപ്പെട്ടു.പ്ലോട്ട് ഡിവിഷനുമായി ബന്ധപ്പെട്ട് സമാന രീതിയിലുള്ള ധാരാളം പരാതികൾ നിലനിൽക്കുന്നതിനാൽ സർക്കാരിന്റെ പൊതു നിർദ്ദേശത്തിനായി കത്ത് അയക്കുന്നതിന് തീരുമാനിച്ചു.

വാഴപ്പള്ളി പഞ്ചായത്ത്

1. വാഴപ്പള്ളി പഞ്ചായത്തിലെ തോമസ് പി ജെ സമർപ്പിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു. ടിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് ഘടനാപരമായ മാറ്റം വരുത്തിയിട്ടുള്ളതിനാൽ നികുതി പരിഷ്കരിച്ചു നൽകുന്നതിന് 20 .09 .2023 തീയതിയിൽ അപേക്ഷ സമർപ്പിക്കുകയും ആയതു പ്രകാരം അന്വേഷണം നടത്തിയതിൽ ക്രമവത്കരണ ഫീസായി 31936 രൂപ അടവാക്കുന്നതിനു പഞ്ചായത്തിൽ നിന്ന് അറിയിപ്പ് നല്കിയിട്ടുള്ളതാണ് എന്ന് സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു.2023 ഏപ്രിൽ ഒന്നുമുതൽ പുതിയ നിരക്ക് ബാധകമായതിനാൽ ടിയാൻ മേൽ പറഞ്ഞ ക്രമവൽക്കരണ ഫീസ് അടക്കാൻ ബാധ്യസ്ഥനാണ് എന്ന് സമിതിക്കു ബോധ്യപ്പെട്ടു.ഫീസ് അടച്ച് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകി.
2. കലേഷ് കെ എം സമർപ്പിച്ച പരാതി അദാലത് സമിതി പരിശോധിച്ചു. പരാതിക്കാരൻ വീടിനു നമ്പർ ലഭിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല എന്ന് സെക്രട്ടറി അറിയിച്ചു.പരാതിക്കാരൻ സമർപ്പിച്ച രേഖകളിൽ വസ്തുവിൻറെ തരം നിലമായിട്ടാണ് കാണുന്നത് ആയതു തരം മാറ്റി പുരയിടമാക്കി അപേക്ഷ സങ്കേതം മുഖേന അപേക്ഷ സമർപ്പിക്കുന്ന മുറക്ക് KPBR ചട്ടങ്ങൾ പാലിക്കുന്നതിന് വിധേയമായി നമ്പർ അനുവദിക്കാവുന്നതാണെന്നു സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു. സ്ഥലത്തിൻറെ തരം മാറ്റി പുരയിടമാക്കി അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി.
3. സജി ഫിലിപ്പോസ് സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. ആധാരത്തിലുള്ള സ്ഥലത്തിനേക്കാൾ കെട്ടിടത്തിൻറെ വിസ്തൃതി കൂടുതൽ ഉണ്ടെന്നുള്ളതിനാൽ റവെന്യൂ രേഖകളിൽ വ്യക്തത വരുത്തി അപേക്ഷ പഞ്ചായത്തിൽ പുനഃസമർപ്പിക്കുന്നതിന് നിർദേശിച്ചു തീരുമാനിച്ചു.
4. എലിസബത്ത് ഫ്രാൻസിസ് സമർപ്പിച്ച പരാതി അദാലത്തിൽ പരിഗണിച്ചു. പൊടി മില്ലിന് നമ്പർ ലഭിക്കുന്നതിന് ടിയാരി സമർപ്പിച്ച അപേക്ഷയിൽ KPBR ചട്ടങ്ങൾ പാലിക്കുന്നില്ല എന്ന് അസിസ്റ്റൻറ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിനാൽ ന്യൂനതകൾ പരിഹരിച്ചു പുനഃ സമർപ്പിക്കുന്നതിന് നിർദേശിച്ചു തീരുമാനിച്ചു.

5. സനിൽ കൊച്ചപറമ്പിൽ തുരുത്തി എന്ന പരാതിക്കാരൻ ഹാജരായില്ല ആയതിനാൽ പരാതി അടുത്ത അദാലത്തിൽ പരിഗണിക്കാൻ മാറ്റിവെച്ചു.
6. റോസ്ലി ചാക്കോ, കുറുപ്പശ്ശേരിൽ എന്ന പരാതിക്കാരി ഹാജരായില്ല ആയതിനാൽ പരാതി അടുത്ത അദാലത്തിൽ പരിഗണിക്കാൻ മാറ്റിവെച്ചു.

കുറിച്ചി പഞ്ചായത്ത്

1. കുറിച്ചി പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ അനുവദിക്കുന്നതിനായി തങ്കമ്മ പുത്തൻപുരക്കൽ സമർപ്പിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു. അപേക്ഷയോടൊപ്പം ബിൽഡിംഗ് പെർമിറ്റ് പൂർത്തീകരണ സർട്ടിഫിക്കറ്റ് റെയിൽവേ NOC തുടങ്ങിയവ പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് പരാതിക്കാരിയോട് നിർദേശിച്ചു. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് KPBR ചട്ടം പാലിച്ചുകൊണ്ട് നമ്പറിങ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.
2. ഉഷ രാജൻ സമർപ്പിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു. വീടിനു നമ്പർ ലഭിക്കുന്നതിന് വേണ്ടി ടി ആൾ സമർപ്പിച്ച അപേക്ഷയിൽ പഞ്ചായത്തിലെ സാങ്കേതിക വിഭാഗം ന്യൂനതകൾ കണ്ടെത്തിയിട്ടുള്ളതാണ് .ആയതു പരിഹരിച്ചു പുനർസമർപ്പിക്കുന്നതിനു നിർദേശിച്ചു
3. തങ്കപ്പൻ നായർ സമർപ്പിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു.ടി ആളുടെ ഉടമസ്ഥതയിൽ ഉള്ള 9/98 എ നമ്പർ കെട്ടിടത്തിൻറെ മേൽക്കൂരയുടെ തരം തറ യുടെ വിസ്തീർണം എന്നിവ പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയർ ൽ തെറ്റായി രേഖപ്പെടുത്തിയതായി പരാതിക്കാരൻ അദാലത്തിൽ ബോധിപ്പിച്ചു .അതിനാൽ അപേക്ഷകൻ സമർപ്പിച്ച പരാതിയിൽമേൽ സാങ്കേതിക പരിശോധന നടത്തി നികുതി നിർണ്ണയിച്ചിരിക്കുന്നതിനു അപാകത സംഭവിച്ചിട്ടുണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് സെക്രട്ടറിക്കു നിർദേശം നൽകി തീരുമാനിച്ചു
4. ശശി നാരായണൻ സമർപ്പിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു.അപേക്ഷയോടൊപ്പം ബിൽഡിംഗ് പെർമിറ്റ് പൂർത്തീകരണ സർട്ടിഫിക്കറ്റ് റെയിൽവേ NOC തുടങ്ങിയവ പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദേശിച്ചു. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് KPBR ചട്ടം പാലിച്ചുകൊണ്ട് നമ്പറിങ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

പായിപ്പാട് പഞ്ചായത്ത്

1. കെ എച്ച് ബഷീർ സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. പരാതിക്കാരൻ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് 26.07.2017 ൽ അപേക്ഷ നൽകിയിരുന്നു. എന്നാൽ ദൂര പരിധി പാലിക്കാത്തതിനാൽ നമ്പർ അനുവദിച്ചിരുന്നില്ല.അനധികൃത കെട്ടിടം ക്രമവൽക്കരിക്കുന്നതിനു സർക്കാരിൽ നിന്നും നിർദേശം ലഭിക്കുന്ന മുറയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദേശിച്ചു തീരുമാനിച്ചു.
2. വിലാസിനി പി ടി സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. പരാതിക്കാരിയുടെ അപേക്ഷ പ്രകാരം സൈറ്റ് പരിശോധിച്ചതിൽ ടി വസ്തുവിൻറെ പടിഞ്ഞാറേ അതിരിൽ കൂടി കടന്നുപോകുന്ന പഞ്ചായത്ത്

റോഡിൽ നിന്നും KPBR 2019 റൂൾ 23 പ്രകാരം ആവശ്യമായ അകലം പാലിക്കുന്നില്ല എന്നി സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു.പരാതിക്കാരൻ പ്രസ്തുത വഴിയുടെ നിർമാണത്തിന് സ്ഥലം വിട്ടു നൽകിയിട്ടുണ്ട് എന്ന് അറിയിച്ച സാഹചര്യത്തിൽ ടിയാന്റെ സ്ഥലം അളന്നു തിട്ട പെടുത്തുന്നതിനു തഹസിൽദാർ ഭൂരേഖയ്ക്കു ജോയിൻറ് ഡയറക്ടർ മുഖാന്തിരം കത്ത് നൽകുന്നതിന് തീരുമാനിച്ചു.

3. ശ്രീ സെബാസ്റ്റ്യൻ കെ ജെ 28.09.2022 തീയതിയിൽ നൽകിയ അപേക്ഷയിൽ അന്വേഷണം നടത്തിയതിൽ ടി കെട്ടിടം PWD റോഡിൽ നിന്നും 2.85 മീറ്റർ അകലം മാത്രമെ പാലിക്കുന്നുള്ളു എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. ടി കെട്ടിടത്തിന് PWD റോഡിൽ നിന്നുള്ള അകലം വ്യക്തമാകാത്തതിനാൽ അതിരു നിർണയിച്ചു നൽകുന്നതിന് താലൂക്ക് സർവെയെർക്കു കത്ത് നല്കിയിട്ടുള്ളതാണ് എന്ന് സെക്രട്ടറി അദാലത്തിൽ പറഞ്ഞു. ആയതു ലഭിച്ചതിനു ശേഷം നമ്പർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സെക്രട്ടറിയോട് നിർദേശിച്ചു തീരുമാനിച്ചു.
4. അഖില കേരള ചേരമർ ഹിന്ദു മഹാ സഭ പ്രസിഡന്റ് വിജയരാജ് കെ ജി സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു.സ്ഥലത്തിൻറെ ഉടമസ്ഥത സംബന്ധിച്ച് രേഖകൾ ഇല്ലാത്തതിനാൽ ടി പരാതി ജില്ലാ അദാലത്തിലേക്കു escalate ചെയ്യുന്നതിന് തീരുമാനിച്ചു.
5. റെമിമോൾ സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. പരാതിക്കാരിയോട് കെട്ടിട നമ്പർ ലഭിക്കുന്നതിന് ആവശ്യമായ പ്ലാനും അനുബന്ധ രേഖകളും സമർപ്പിക്കുന്നതിന് നിർദേശിച്ചു. രേഖകൾ സമർപ്പിക്കുന്ന പക്ഷം തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു തീരുമാനിച്ചു.
6. ജഗദമ്മ എം ടി സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. പരാതിക്കാരൻ സമർപ്പിച്ച രേഖകളിൽ വസ്തുവിൻറെ തരം നിലമായിട്ടാണ് കാണുന്നത് ആയതു തരം മാറ്റി പുരയിടമാക്കി അപേക്ഷ സങ്കേതം മുഖേന അപേക്ഷ സമർപ്പിക്കുന്ന മുറക്ക് KPBR ചട്ടം പാലിക്കുന്നതിന് വിധേയമായി നമ്പർ അനുവദിക്കാവുന്നതാണെന്നു സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു. സ്ഥലത്തിൻറെ തരം മാറ്റി പുരയിടമാക്കി അപേക്ഷ സമർപ്പിക്കുന്നതിന് അദാലത് നിർദ്ദേശിച്ചു.
7. ഉഷ പത്രോസ് സമർപ്പിച്ച പരാതി അദാലത് പരിഗണിച്ചു. പരാതിക്കാരൻ സമർപ്പിച്ച രേഖകളിൽ വസ്തുവിൻറെ തരം നിലമായിട്ടാണ് കാണുന്നത് ആയതു തരം മാറ്റി പുരയിടമാക്കി അപേക്ഷ സങ്കേതം മുഖേന അപേക്ഷ സമർപ്പിക്കുന്ന മുറക്ക് KPBR ചട്ടം പാലിക്കുന്നതിന് വിധേയമായി നമ്പർ അനുവദിക്കാവുന്നതാണെന്നു സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു. സ്ഥലത്തിൻറെ തരം മാറ്റി പുരയിടമാക്കി അപേക്ഷ സമർപ്പിക്കുന്നതിന് അദാലത് തീരുമാനിച്ചു.
8. പായിപ്പാട് ഗ്രാമ പഞ്ചായത്ത് 10ാം വാർഡിൽ ഷെഡിനു നമ്പർ ലഭ്യമാക്കുന്നതിന് ശ്രീമതി സൂസൻ ജിമ്മി വടക്കേപ്പറത്തു തുണ്ടിയിൽ പായിപ്പാട് എന്നയാളുടെ അപേക്ഷയിന്മേൽ സാങ്കേതിക വിഭാഗം പരിശോധന നടത്തിയതിൽ നിലവിൽ ടി ഷെഡിനു എതിരായി അടുത്ത പ്ലോട്ടിലെ ആളിൻറെ പരാതി നിലനിൽക്കുന്നു എന്നും അടുത്ത കെട്ടിടത്തോട് ചേർന്ന് അവരുടെ അനുവാദം കൂടാതെ ആണ് ഷെഡ്

നിർമ്മിച്ചിരിക്കുന്നത് എന്നും അത് KPBR ന വിരുദ്ധമായിട്ടാണ് എന്നും ഒരു സൈഡിലെ വെള്ളം അടുത്ത പ്ലോട്ടിലാണ് വീഴുന്നത് എന്നും ആയതിനാൽ അടുത്ത പ്ലോട്ടിലെ ആളിൻറെ അനുമതി ഇല്ലാതെ നമ്പർ നല്കാൻ സാധിക്കുമായിരുന്നില്ല എന്നും സെക്രട്ടറി അറിയിച്ചു. 15.01.24 ന ന്യൂനതകൾ പരിഹരിച്ചു കക്ഷി പുതുക്കിയ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതു റിപോർട്ടിനായി സാങ്കേതിക വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു. സാങ്കേതിക വിഭാഗം സ്ഥല പരിശോധന നടത്തിയതിൽ PWD റോഡ് വൈഡനിങ് ആയി കല്ല് ഇട്ടിട്ടുണ്ട് എന്ന് അദാലത്തിൽ അറിയിച്ചു.പണം വാങ്ങാതെ PWD ആവശ്യപ്പെടുന്ന മുറയ്ക്ക് സ്ഥലം വിട്ടുനല്കുന്നതാണ് എന്നുള്ള സമ്മതപത്രവും മഴ വെള്ളം ഒഴുക്കി കളയുന്നതിനുള്ള ക്രമീകരണവും ഏർപ്പെടുത്തി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ടിയാന്റെ അപേക്ഷയിൻമേൽ തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദേശം നൽകി തീരുമാനിച്ചു.

അദാലത്ത് കൃത്യം 1 മണിയ്ക്ക് അവസാനിച്ചു.